*30-06-2026*

*Government Resolution (Rule 118) : Comprehensive reform of the national examination system*

**ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

ദേശീയ പരീക്ഷാ സംവിധാനത്തിന്റെ സമഗ്ര പരിഷ്കരണം

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): സർ, രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലേക്കുള്ള പ്രവേശനത്തിനായുള്ള ഏകീകൃത ദേശീയ പ്രവേശന പരീക്ഷയായ നീറ്റ് (NEET) പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ, പരീക്ഷാകേന്ദ്രങ്ങളിലെ ഭരണപരവും സാങ്കേതികവുമായ വീഴ്ചകൾ, മാർക്ക് നിർണ്ണയത്തിലെയും ഫലപ്രഖ്യാപനത്തിലെയും അപാകതകൾ എന്നിവമൂലം പരീക്ഷയുടെ വിശ്വാസ്യത, സുതാര്യത, നിഷ്പക്ഷത എന്നിവ ചോദ്യം ചെയ്യപ്പെടുന്ന ഗുരുതരമായ സാഹചര്യത്തിലാണ് ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർഥികളുടെ ഉന്നതവിദ്യാഭ്യാസ സ്വപ്നങ്ങളെയും ഭാവിജീവിതത്തെയും നിർണ്ണയിക്കുന്ന അതീവ പ്രാധാന്യമുള്ള ഒരു ദേശീയ പ്രവേശന പരീക്ഷയുടെ വിശ്വാസ്യത ആവർത്തിച്ച് ചോദ്യം ചെയ്യപ്പെടുകയും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരന്തരമായി ഉയർന്നുവരുന്ന പരാതികളും അന്വേഷണങ്ങളും കോടതികളുടെ ഇടപെടലുകളും പൊതുസമൂഹത്തിൽ വ്യാപകമായ ആശങ്കയും അവിശ്വാസവും സൃഷ്ടിച്ചിരിക്കുന്ന സാഹചര്യം അതീവ ദൗർഭാഗ്യകരമാണ്. ഇത്തരത്തിലുള്ള സംഭവവികാസങ്ങൾ വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും മാനസിക സുരക്ഷിതത്വത്തെയും പൊതുജനങ്ങളുടെ പരീക്ഷാ സംവിധാനത്തോടുള്ള വിശ്വാസത്തെയും ബാധിക്കുന്നതോടൊപ്പം രാജ്യത്തെ പൊതുപ്രവേശന പരീക്ഷാ സംവിധാനത്തിന്റെ വിശ്വാസ്യതയ്ക്കുതന്നെ ഗുരുതരമായ ആഘാതം സൃഷ്ടിച്ചിരിക്കുകയാണ്. പരീക്ഷാ നടത്തിപ്പിലെ ഗുരുതരമായ വീഴ്ചകളും ക്രമക്കേടുകളും പുറത്തുവന്നിട്ടും അവയുടെ ഗൗരവം യഥാസമയം അംഗീകരിക്കാതെ ഫലപ്രദമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കേന്ദ്ര സർക്കാരിന്റെയും ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടെയും സമീപനം പ്രതിഷേധാർഹമാണ്.

കേരളത്തിലെ വലിയൊരു വിഭാഗം വിദ്യാർഥികൾ ഉൾപ്പെടെ രാജ്യത്തുടനീളമുള്ള

*30-06-2026*
*Government Resolution (Rule 118)*

പരീക്ഷാർഥികൾ വർഷങ്ങളായുള്ള കഠിനാധ്വാനത്തിലൂടെയും ത്യാഗപൂർണ്ണമായ തയ്യാറെടുപ്പുകളിലൂടെയും ആർജിച്ച അവസരങ്ങൾ പരീക്ഷാ ക്രമക്കേടുകളുടെയും ഭരണപരമായ വീഴ്ചകളുടെയും ഫലമായി പ്രതികൂലമായി ബാധിക്കപ്പെട്ട സാഹചര്യം അത്യന്തം ഖേദകരവും ഭരണഘടന ഉറപ്പുനൽകുന്ന തുല്യാവസരത്തിന്റെയും സാമൂഹ്യനീതിയുടെയും തത്വങ്ങൾക്ക് നിരക്കാത്തതുമാണ്. ഇത്തരം ആവർത്തിച്ചുണ്ടാകുന്ന സംഭവവികാസങ്ങൾ നിലവിലെ കേന്ദ്രീകൃത ദേശീയ പരീക്ഷാ നടത്തിപ്പ് സംവിധാനത്തിന്റെ കാര്യക്ഷമത, ഉത്തരവാദിത്തം, വിശ്വാസ്യത എന്നിവയെക്കുറിച്ച് ഗൗരവമായ സംശയങ്ങൾ ഉയർത്തുന്നു.

നീറ്റ് (NEET) പരീക്ഷയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളല്ലെന്നും സമീപകാലത്ത് ദേശീയ പരീക്ഷാ ഏജൻസിയായ നാഷണൽ ടെസ്റ്റിങ് ഏജൻസി (N.T.A.) സംഘടിപ്പിച്ച നീറ്റ് (NEET-U.G.), കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (C.U.E.T.-U.G.), യു.ജി.സി.-സി.എസ്.ഐ.ആർ. (U.G.C.-C.S.I.R.) പരീക്ഷകൾ ഉൾപ്പെടെയുള്ള വിവിധ ദേശീയതല പ്രവേശന പരീക്ഷകളിലും അതോടൊപ്പം സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (S.S.C.), റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് (R.R.B.) തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികൾ നടത്തുന്ന നിയമന പരീക്ഷകളിലും ചോദ്യപേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ, പരീക്ഷകൾ മാറ്റിവയ്ക്കൽ, റദ്ദാക്കൽ, സാങ്കേതിക തകരാറുകൾ, സുരക്ഷാ വീഴ്ചകൾ, ഭരണപരമായ അനാസ്ഥ എന്നിവ ആവർത്തിച്ചുണ്ടായിട്ടുള്ളതും സി.ബി.എസ്.ഇ.(പ്ലസ് ടു) പരീക്ഷയിൽ ഉണ്ടായ ക്രമക്കേടുകളും രാജ്യത്തെ പ്രവേശന-നിയമന പരീക്ഷാ സംവിധാനത്തിൽ ഘടനാപരവും ഭരണപരവുമായ ഗുരുതര പോരായ്മകൾ നിലനിൽക്കുന്നുവെന്നതിന്റെ വ്യക്തമായ സൂചനയാണ്.

പരീക്ഷാ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരെയും സ്ഥാപനങ്ങളെയും സംഘടിത പരീക്ഷാ ക്രമക്കേട് ശൃംഖലകളെയും കണ്ടെത്തി അവരുടെമേൽ മാതൃകാപരമായ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ഭരണപരമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം വ്യക്തമായി നിർണ്ണയിച്ച് നിയമാനുസൃതമായ ശിക്ഷാനടപടികൾ ഉറപ്പാക്കുകയും പരീക്ഷാ നടത്തിപ്പിലെ എല്ലാ ഘട്ടങ്ങളിലും സാങ്കേതിക സുരക്ഷയും സ്വതന്ത്ര മേൽനോട്ടവും നിർബന്ധമാക്കുന്ന സമഗ്രമായ നിയമനിർമ്മാണം കേന്ദ്ര

സർക്കാർ കൊണ്ടുവന്നാൽ മാത്രമേ ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി വിദ്യാർഥികൾ ജീവനൊടുക്കേണ്ടിവന്ന ദാരുണ സംഭവങ്ങളുണ്ടായ സാഹചര്യത്തിൽ വിദ്യാർഥികളുടെ ജീവനും അന്തസ്സും വിദ്യാഭ്യാസാവകാശവും സംരക്ഷിക്കുകയും വിശ്വാസ്യതയുള്ള പരീക്ഷാ സംവിധാനം ഉറപ്പാക്കുകയും ചെയ്യേണ്ടത് ഭരണകൂടത്തിന്റെ അടിസ്ഥാന ഉത്തരവാദിത്തമാണ്.

വിദ്യാഭ്യാസം ഭരണഘടനയുടെ സംയുക്ത പട്ടികയിൽ ഉൾപ്പെടുന്ന വിഷയമാണെന്ന വസ്തുത പരിഗണിച്ചും ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാന തത്വങ്ങൾ മാനിച്ചും ദേശീയ പ്രവേശന പരീക്ഷകളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും യഥോചിതമായി പരിഗണിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

രാജ്യത്തെ വിദ്യാർഥികളുടെ ഭരണഘടനാപരമായ അവകാശങ്ങളും തുല്യ അവസരങ്ങളും സംരക്ഷിക്കുകയും ദേശീയ പ്രവേശന പരീക്ഷകളുടെ വിശ്വാസ്യത, സുതാര്യത, നിഷ്പക്ഷത എന്നിവ പൂർണ്ണമായി പുനഃസ്ഥാപിക്കുകയും ചെയ്യുന്നതരത്തിൽ ദേശീയ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ അടിയന്തരവും ഫലപ്രദവുമായ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയത്തിന്മേൽ ഭേദഗതി അവതരിപ്പിക്കുന്നതിന് ശ്രീ. കെ. പ്രേംകുമാർ, ശ്രീ. ആര്യാടൻ ഷൗക്കത്ത്, ശ്രീ. വി. മുരളീധരൻ എന്നീ മൂന്ന് അംഗങ്ങൾ റിക്വസ്റ്റ് നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയ്ക്ക് മുൻപായി ഇനിപ്പറയുന്ന ഖണ്ഡിക പുതിയതായി കൂട്ടിച്ചേർക്കുക.

“ പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 26.06.2024-

ന് നീറ്റ് പരീക്ഷയിൽ ആവർത്തിച്ച് നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ചട്ടം 130 പ്രകാരം അവതരിപ്പിച്ച ഉപക്ഷേപം ഈ സഭ ചർച്ച ചെയ്ത് ഏകകണ്ഠമായി പാസ്സാക്കി കേന്ദ്ര സർക്കാരിനെ സംസ്ഥാനത്തിന്റെ ആശങ്ക അറിയിച്ചിട്ടുണ്ട്."

വിദ്യാഭ്യാസത്തിന്റെ ഫെഡറൽ സ്വഭാവം ഇല്ലാതാക്കി കേന്ദ്രീകരണത്തിലേയ്ക്ക് നയിച്ചതിന്റെ ഫലമാണ് നീറ്റ് (NEET) വിഷയം. യഥാർത്ഥത്തിൽ ഈ വിഷയത്തെ അതിന്റെ പ്രാധാന്യത്തിലും ഗൗരവത്തിലും കണ്ട് ഇത്തരത്തിൽ ഒരു പ്രമേയം അവതരിപ്പിച്ചതിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. എന്നാൽ പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 26-06-2024-ന് നീറ്റ് പരീക്ഷയിൽ ആവർത്തിച്ചുനടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ചട്ടം 130 പ്രകാരം അവതരിപ്പിച്ച ഉപക്ഷേപം ഈ സഭ ചർച്ച ചെയ്ത് ഏകകണ്ഠമായി പാസ്സാക്കി. കേന്ദ്ര സർക്കാരിനെ സംസ്ഥാനത്തിന്റെ ആശങ്ക അറിയിച്ചിട്ടുണ്ട് എന്നതുകൂടി അതിൽ ചേർക്കേണ്ടത് അനിവാര്യമാണ്. നേരത്തെയും ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടന്നതും കേരള നിയമസഭ ഐകകണ്ഠ്യേന അത് ചർച്ച ചെയ്ത് അതിനെതിരായിട്ടുള്ള നിലപാട് സ്വീകരിച്ചതും ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ അവസാന ഖണ്ഡികയിലെ അവസാന ഭാഗത്തെ "നടപടികൾ" എന്ന വാക്ക് "നടപടികളും" എന്നാക്കി മാറ്റുകയും അതിന് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിചേർക്കുകയും ചെയ്യുക.

" കൂണു പോലെ വളർന്നുവരുന്ന മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളെ നിരീക്ഷിക്കാനുള്ള നടപടികളും"

ഈ പ്രമേയം വളരെ അത്യന്താപേക്ഷിതമാണ്. നമ്മുടെയെല്ലാം കുട്ടികൾ എത്രമാത്രം കഷ്ടപ്പെട്ടാണ് നീറ്റ് (NEET) പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതെന്ന് നമുക്കറിയാം. എന്നാൽ ഭരണകക്ഷിയിൽപ്പെട്ട പാർട്ടിയുടെ ഉന്നത രാഷ്ട്രീയനേതാക്കൾ ഇതിൽ പ്രതികളായി മാറുന്ന അവസ്ഥയാണ് കാണുന്നത്. മാത്രമല്ല, സമയം നഷ്ടപ്പെട്ടതിന്റെ പേരിൽ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതുപോലും കാണുന്നു. പലപ്പോഴും ഇത്തരം മാഫിയ സംഘങ്ങൾ

പ്രവർത്തിക്കുന്നു. ഇവർ പ്രത്യേകിച്ചും വടക്കേ ഇന്ത്യയിൽ എൻട്രൻസ് പരീക്ഷാ പരിശീലന പരിപാടി നടപ്പാക്കുന്നവരാണെന്ന് തെളിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ പ്രമേയത്തിൽ, കൂണു പോലെ വളരുന്ന മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങളെ നിരീക്ഷിക്കാനുള്ള ഒരു നടപടികൂടി ഉണ്ടാകാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നത് നല്ലതായിരിക്കും. അതോടൊപ്പം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യംകൂടി പറയുകയാണ്. ഇന്ന് 1200 കേന്ദ്രീയ വിദ്യാലയങ്ങൾ രാജ്യത്തുണ്ട്. അവിടെ കുട്ടികളെ പഠിപ്പിക്കാൻ കേന്ദ്ര സർക്കാർ അയച്ചുകൊടുത്ത ഭരണഘടന പതിപ്പിന്റെ preamble-ൽ 'സോഷ്യലിസവും മതേതരത്വവും' ഒഴിവാക്കിയിരിക്കുകയാണ്. ഇതിൽ മാത്രമല്ല, പലരംഗത്തും വെറുപ്പിന്റെ രാഷ്ട്രീയം നടപ്പാക്കാനുള്ള ബോധപൂർവമായ അജണ്ടയുണ്ട്. 1976-ലെ ഭരണഘടനാ ഭേദഗതി പ്രകാരം 'മതേതരത്വവും' 'സോഷ്യലിസവും' ഇന്ത്യൻ ഭരണഘടനയുടെ preamble-ൽ ചേർത്തതിൽ അഭിമാനിക്കുന്നവരാണ് ഇന്ത്യക്കാർ. എന്നിട്ട് അത് ഒഴിവാക്കിയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. കേന്ദ്രീയ വിദ്യാലയ സംഗതൻ ആസ്ഥാനത്തെ ഡെപ്യൂട്ടി കമ്മീഷണർ, ഡി. പി. പട്ടേൽ അയച്ചുകൊടുത്ത കത്തിൽ പറയുന്നത്, യഥാർഥ ഭരണഘടനയുടെ പതിപ്പാണിതെന്നും അർഹിക്കുന്ന ആദരവോടും സൂക്ഷ്മതയോടുംകൂടി മൂല്യവത്തായ പഠനം സമഗ്രമായി ഉപയോഗിക്കണം എന്നുമാണ്. ഈ preamble നിങ്ങൾ അസംബ്ലിയിൽ വായിക്കണം എന്നുകൂടി പറയുന്ന അവസ്ഥാവിശേഷമുണ്ട്. കേന്ദ്ര സർക്കാർ സോഷ്യലിസവും മതേതരത്വവും ഒഴിവാക്കുന്നത് എന്തിനുവേണ്ടിയാണെന്ന് വളരെ വ്യക്തമാണ്. ഇന്നത്തെ മാതൃഭൂമി പത്രത്തിന്റെ പ്രധാന വാർത്തകൂടിയാണിത് (പത്രം ഉയർത്തിക്കാട്ടി). ഇതിൽ കേന്ദ്രത്തിനോട് നമ്മുടെ പ്രത്യേകമായ പ്രതിഷേധം അറിയിച്ചുകൊണ്ട് അവരുടെ ശ്രദ്ധ കൊണ്ടുവരാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, കഴിഞ്ഞ നീറ്റ് (NEET) പരീക്ഷയിലുണ്ടായിട്ടുള്ള ചില സംഭവവികാസങ്ങൾ രാജ്യത്തെ വിദ്യാർഥികളെയും രക്ഷിതാക്കളെയും ആശങ്കയിലാഴ്ത്തിയിരുന്നു. ആ ആശങ്കയെ കേന്ദ്രസർക്കാർ വളരെ ഗൗരവത്തോടുകൂടിയാണ് കണ്ടത്. ഞാൻ ആ വിഷയത്തിലേയ്ക്ക് വരുന്നതിന് മുൻപ് നീറ്റ് (NEET) എങ്ങനെ ഉണ്ടായി എന്നുകൂടി പരാമർശിക്കേണ്ടതുണ്ട്. കാരണം നീറ്റ് നരേന്ദ്ര മോദി സർക്കാർ

നടപ്പിലാക്കിയതല്ല. നീറ്റ് നടപ്പിലാക്കാനുള്ള തീരുമാനമുണ്ടായതും അതിനുള്ള നടപടികൾ ആരംഭിച്ചതും 2010-ലാണ്. (..ബഹളം..) 2010-ൽ യു.പി.എ. സർക്കാരിന്റെ കാലത്ത് അന്നത്തെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുമാണ് നോട്ടിഫൈ ചെയ്തത്. അതിനുശേഷം ആദ്യം നടന്ന നീറ്റ് പരീക്ഷ... (..ബഹളം..)

മി. സ്പീക്കർ: അങ്ങ് ഭേദഗതി മൂവ് ചെയ്യൂ.

ശ്രീ. വി. മുരളീധരൻ: സർ, എനിക്കുമുൻപ് സംസാരിച്ച ബഹുമാന്യനായ അംഗം നീറ്റുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അതുസംബന്ധിച്ച് പരാമർശിക്കാനെങ്കിലും എന്നെ അനുവദിക്കണം.

ബഹു. സുപ്രീം കോടതി 2013-ൽ ഭൂരിപക്ഷ തീരുമാനപ്രകാരം അന്ന് നടത്തിയ നീറ്റ് പരീക്ഷ റദ്ദാക്കുകയടക്കം ചെയ്തു. അതിനുശേഷം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നടന്ന പരീക്ഷകളിലുണ്ടായ ക്രമക്കേടുകളുടെയും പേരായ്മകളുടെയും ഏകീകൃത സ്വഭാവമില്ലാത്തതിന്റെയും അടിസ്ഥാനത്തിൽ കോടതികളുടെയടക്കം നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് വന്നത്.

മി. സ്പീക്കർ: അങ്ങ് ഭേദഗതി മൂവ് ചെയ്യണം.

ശ്രീ. വി. മുരളീധരൻ: സർ, നാഷണൽ ടെസ്റ്റിങ് ഏജൻസി (NTA) ചുമതലപ്പെടുത്തിയ ആളുകൾ വരുത്തിയിട്ടുള്ള വീഴ്ചകൾ വന്ന ഉടൻതന്നെ കേന്ദ്രസർക്കാർ ഇതിൽ ശക്തമായ നടപടികൾ സ്വീകരിച്ചു. ബഹുമാന്യനായ പ്രധാനമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ പുനഃപരീക്ഷ നടന്നു. ശ്രീ. നരേന്ദ്രമോദി ഒരു കാര്യം തുടക്കം മുതൽ.. (..ബഹളം..)

മി. സ്പീക്കർ: അങ്ങ് ദയവായി ഭേദഗതി മൂവ് ചെയ്യൂ. അല്ലെങ്കിൽ അങ്ങയുടെ ഭേദഗതി ഇല്ലാതെ പോകില്ലേ;

ശ്രീ. വി. മുരളീധരൻ: സർ, ഇവിടെ ഇതിനുമുൻപുള്ള ഭേദഗതികൾ അവതരിപ്പിക്കുമ്പോൾ ഈ ബഹളം ഉണ്ടായില്ലല്ലോ (..ബഹളം..) അതിനർത്ഥം ജനാധിപത്യപരമായ ചർച്ചയ്ക്ക് ഭരണപക്ഷം ആണെങ്കിലും പ്രതിപക്ഷമാണെങ്കിലും തയ്യാറല്ല

എന്നാണ്. അതായത് ബലത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ കാര്യങ്ങൾ തീരുമാനിക്കണം എന്നുള്ളതാണ്. അതിനോട് ഒരു ജനാധിപത്യ സംവിധാനത്തിൽ യോജിക്കാൻ സാധിക്കില്ല.

മി. സ്പീക്കർ: അങ്ങ് ദയവായി ചെയർ പറയുന്നത് കേൾക്കു. അങ്ങേയ്ക്ക് അങ്ങയുടെ ഭേദഗതി മൂവ് ചെയ്യാം. ഭേദഗതി മൂവ് ചെയ്യുന്നതിന് രണ്ടുമിനിറ്റ് സമയമാണ് അനുവദിച്ചത്. ശ്രീ. ആര്യാടൻ ഷൗക്കത്ത് സംസാരിച്ചപ്പോൾ മൂന്നു മിനിറ്റെടുത്തു എന്ന തർക്കമേ അങ്ങേയ്ക്കുള്ളൂ. അതുകൊണ്ട് അങ്ങയുടെ ഭേദഗതി മൂവ് ചെയ്യൂ.

ശ്രീ. വി. മുരളീധരൻ: സർ, ഞാൻ ഭേദഗതിയിലേക്ക് വരാം. ഈ വിഷയത്തിൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ടുകൊണ്ട് വേഗത്തിൽ തീർപ്പാക്കാനുള്ള പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതി സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. (..ബഹളം..)

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, സർക്കാർ ഒരു പ്രമേയം കൊണ്ടുവന്നാൽ ആ ഉപക്ഷേപത്തിലെ നിശ്ചിത വരിയിലെ ഏത് ഭാഗത്താണ് ഭേദഗതി വരുത്തേണ്ടതെന്ന് കൃത്യമായി പറയുകയല്ലാതെ അവിടെയൊരു വിശദീകരണത്തിന് യാതൊരു സ്കോപ്പുമില്ലെന്ന് മാത്രമല്ല, അത് സഭാ നടപടികൾക്ക് എതിരാണ്. പ്രസ്തുത പ്രമേയത്തിന്മേൽ ഭേദഗതി അവതരിപ്പിക്കുന്ന അവസരത്തിൽ പ്രസംഗം നടത്താനാവില്ല.

മി. സ്പീക്കർ: ശരിയാണ്, പ്രമേയത്തിന്മേൽ ഭേദഗതി അവതരിപ്പിക്കുന്ന അംഗങ്ങൾക്ക് ആർക്കും തന്നെ പ്രസംഗിക്കാനുള്ള അവസരമില്ല. ഒരാൾക്കുമാത്രമല്ല, ആർക്കും പ്രസംഗിക്കാൻ സാധിക്കില്ല. ശ്രീ. വി. മുരളീധരൻ, അങ്ങയുടെ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ശരിയാണ്; ഇത് അംഗങ്ങൾക്ക് പ്രസംഗം നടത്താനുള്ള അവസരമല്ല. ഞാൻ അതിനോട് യോജിക്കുകയാണ്.

ശ്രീ. വി. മുരളീധരൻ: സർ, ഞാൻ പ്രസംഗിക്കുന്നില്ല. ഞാനൊരു കാര്യം മാത്രം പറയാം. ഭരണപക്ഷത്തിനുള്ള അംഗം ഒരു പത്രം ഉയർത്തി കാണിച്ചു. അതുകൊണ്ടുതന്നെ ഞാനും പത്രത്തിൽ വന്നൊരു വാർത്ത ചൂണ്ടിക്കാട്ടുകയാണ്. കേരളത്തിൽ നടത്തിയൊരു പി.എസ്.സി. പരീക്ഷ; ഈ പി.എസ്.സി. പരീക്ഷയിൽ എന്ത് സംഭവിച്ചു; അതിനെക്കുറിച്ച്

എന്താണ് ഒന്നും പറയാത്തത്? പത്രം കാണിക്കുമ്പോൾ പത്രത്തിന്റെ ഒരു വശം മാത്രമല്ല കാണിക്കേണ്ടത്; ഇതും പത്രമാണ്. കേരളത്തിൽ നടന്നൊരു പി.എസ്.സി. പരീക്ഷയാണ് അതിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് പാർലമെന്ററി പ്രാക്ടീസ് അറിയാവുന്ന ആളാണ്. ദയവു ചെയ്ത് അങ്ങ് അങ്ങയുടെ ഭേദഗതി മാത്രം മൂവ് ചെയ്യൂ.

ശ്രീ. വി. മുരളീധരൻ: സർ, ഞാൻ ഭേദഗതി മൂവ് ചെയ്യാം. ടി പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ അവസാന വാചകത്തിനുപകരം താഴെപ്പറയുന്നവ കൂട്ടിചേർക്കേണ്ടതാണ്.

' പരീക്ഷാ നടത്തിപ്പിൽ ഏതാനും ചിലർ വരുത്തിയ വീഴ്ചയിൽ സമയോചിതമായും ഫലപ്രദമായും ഇടപെട്ട കേന്ദ്ര സർക്കാരിന്റെയും കേന്ദ്ര ഏജൻസികളുടെയും ഇടപെടലിനെ ഈ സഭ പ്രശംസിക്കുന്നു.'

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): സർ, പതിനഞ്ചാം കേരള നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പ്രേംകുമാർ ഭേദഗതി മൂവ് ചെയ്തു; അത് രേഖയിലുള്ളതാണ്. അത് വീണ്ടും സഭയിൽ ആവർത്തിക്കേണ്ട ആവശ്യമില്ല. ശ്രീ. ആര്യാടൻ ഷൗക്കത്ത് സഭയിൽ ഉന്നയിച്ച ഭേദഗതിയുടെ അന്തസത്ത പ്രമേയത്തിന്റെ ഭാഗമായി നിലവിലുണ്ട്. അതായത്, കേന്ദ്രീയ വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് ഗൗരവമുള്ളൊരു വിഷയമാണ് ഇവിടെ സൂചിപ്പിച്ചത്. പക്ഷെ, അത് പ്രമേയത്തിന്റെ വിഷയവുമായി ബന്ധപ്പെട്ടതല്ല. അതുകൊണ്ട് അത് അംഗീകരിക്കാൻ നിർവാഹമില്ല. ശ്രീ. വി. മുരളീധരൻ കൃത്യമായ ഭേദഗതിയല്ല സഭയിൽ പറഞ്ഞത്, മറിച്ച് ഒരു പ്രസംഗമാണ് ഇവിടെ നടത്തിയത്. നീറ്റ് പരീക്ഷ എപ്പോൾ ആരംഭിച്ചുവെന്നതല്ല ഇവിടത്തെ വിഷയം. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തുടർച്ചയായി നടത്തിയ നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പറുകൾ ലീക്കാവുകയും ക്രമക്കേടുകൾ നടക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ നിരവധി

വിദ്യാർഥികളാണ് രാജ്യത്ത് ആത്മഹത്യ ചെയ്തിരിക്കുന്നത്. കഴിഞ്ഞ വർഷം ഏതാണ്ട് മുപ്പതോളം വിദ്യാർഥികൾ ആത്മഹത്യ ചെയ്തതായി പറയുന്നു. ഈ വർഷം ഇതിനോടകംതന്നെ ഏതാണ്ട് 14 വിദ്യാർഥികൾ രാജ്യത്തെ വിവിധ ഭാഗങ്ങളിൽ ആത്മഹത്യ ചെയ്തിരിക്കുന്നു. NTA (National Testing Agency) രൂപീകൃതമായതിനുശേഷം ടി ഏജൻസിക്കുകീഴിൽ നടക്കുന്ന നീറ്റ് പരീക്ഷകളിൽ തുടർച്ചയായി സംഭവിക്കുന്ന ചോദ്യപേപ്പർ ചോർച്ചയെ സംബന്ധിച്ചും ക്രമക്കേടുകളെ സംബന്ധിച്ചും രാജ്യത്താകമാനം വലിയ ആശങ്കയാണ് ഉണ്ടായിരിക്കുന്നത്. അതിനെതിരെ കേരളത്തിലെ വിദ്യാർഥികളും രക്ഷിതാക്കളും ഉൾപ്പെടെ വലിയ പ്രതിഷേധത്തിലാണ്. സി.ബി.എസ്.ഇ. പ്ലസ് ടു പരീക്ഷയിൽ വന്നിരിക്കുന്ന ക്രമക്കേടുകളും നമ്മുടെ മുമ്പിലുണ്ട്. ഈ വിഷയങ്ങളിലുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനുള്ള ഒരു പ്രമേയമാണിത്. അതുകൊണ്ട് ഈ പ്രമേയം കേരളത്തിന്റെ പൊതുതാൽപര്യമായി എടുത്ത് വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും താൽപര്യം സംരക്ഷിച്ചുകൊണ്ട് വികാരമുൾക്കൊണ്ടുകൊണ്ട് ഇത് അംഗീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. ഭേദഗതികൾ നിരാകരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. പ്രേംകുമാർ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. മുരളീധരൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. മുരളീധരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച ഭേദഗതിയെ,

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ ശബ്ദവോട്ടോടെ പാസ്സാക്കിയിരിക്കുന്നു.

ശ്രീ. വി. മുരളീധരൻ: സർ, ....(മൈക്ക് ഓഫ്).............

മി. സ്പീക്കർ: നമ്മൾ തമ്മിലൊരു വാക്ക് തർക്കത്തിലേയ്ക്ക് പോകാൻ ചെയർ ആഗ്രഹിക്കുന്നില്ല. മാത്രമല്ല, ചെയറുമായി ഒരു വാക്ക് തർക്കം അനഭിലഷണീയവുമാണ്. അതുകൊണ്ട് വാക്ക് തർക്കം വേണ്ട. ഇവിടെ വോട്ടിനിട്ട ആ ഭേദഗതി സഭ നിരാകരിച്ചു. ആ ഭേദഗതി ഇല്ലാതെതന്നെ പ്രമേയം പാസ്സാക്കിയതായി പ്രഖ്യാപിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സാധാരണഗതിയിൽ രണ്ടുമൂന്ന് ഘട്ടങ്ങളിലാണ് ഭേദഗതി മൂവ് ചെയ്യാറുള്ളത്. ഒന്ന്, നിയമനിർമ്മാണവേളയിൽ രണ്ടാം വായനയിൽ ബില്ലുമായി ബന്ധപ്പെട്ട ഭേദഗതികൾ അവതരിപ്പിക്കും. രണ്ട്, റൂൾസ് ടേബിൾ ചെയ്യുന്ന സമയത്ത് റൂൾസിൽ ഭേദഗതികൾ അവതരിപ്പിക്കും. ഇതുപോലെ ഗവൺമെന്റ് പ്രമേയങ്ങൾ വരുന്ന സമയത്ത് ഭേദഗതികൾ മൂവ് ചെയ്യും. ഇതിൽ ആകെ ഒരവസരം ലെജിസ്ലേഷനിന്റെ രണ്ടാം വായനയുടെ ഭാഗത്ത് അമെന്റ്മെന്റ് മൂവ് ചെയ്യുമ്പോൾ ആ ഭേദഗതികൾ മൂന്നോ നാലോ സെന്റൻസുകളിൽ വിശദീകരിക്കാനുള്ള അവസരമുണ്ടാകും. റൂൾസ് ടേബിൾ ചെയ്യുമ്പോഴും ഗവൺമെന്റ് പ്രമേയങ്ങൾ മൂവ് ചെയ്യുമ്പോഴും എഴുന്നേറ്റുനിന്ന് ആ ഭേദഗതിയുടെ ഭാഗം മാത്രം വായിക്കാനാണ് ഇവിടത്തെ കൺവെൻഷൻ. ഗവൺമെന്റ് പ്രമേയത്തിൽ ഭേദഗതിയാണ് അവതരിപ്പിക്കേണ്ടത് അല്ലാതെ പ്രസംഗത്തിന്റെ ആവശ്യമില്ല. അത് ഭരണപക്ഷ അംഗം ചെയ്താലും പ്രതിപക്ഷ അംഗം ചെയ്താലും ആ കൺവെൻഷന് എതിരാണ്. മാത്രമല്ല, ഒരു പ്രമേയം സഭ പാസ്സാക്കുന്നു, ഒരു നിയമം സഭ പാസ്സാക്കുന്നു, ഒരു റൂൾസ്

നമ്മൾ ഫൈനലൈസ് ചെയ്യുന്നു. ഇതിനൊക്കെ ചില പവിത്രതയും വിശുദ്ധിയുമൊക്കെയുണ്ട്. അത്തരം ഘട്ടങ്ങളിൽ രാഷ്ട്രീയ പ്രസംഗം നടത്തുന്നത് ഒഴിവാക്കണമെന്നാണ് എന്റെ വിനയപൂർവമായ അഭ്യർഥന.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഭാനേതാവിന്റെ അഭിപ്രായത്തോട് ചെയർ പൂർണ്ണമായി യോജിക്കുകയാണ്. അംഗങ്ങൾക്ക് അഭിപ്രായം പറയാൻ രണ്ട് മിനിറ്റ് സമയമുണ്ടെന്ന് തുടക്കത്തിൽതന്നെ സൂചിപ്പിച്ചിരുന്നു. എന്നാൽ, ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ചില അംഗങ്ങൾ രണ്ട് മിനിറ്റിൽ കവിഞ്ഞ് സംസാരിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതിനോട് ചെയർ യോജിക്കുന്നില്ലെന്ന് മാത്രമല്ല, സഭാനേതാവിന്റെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയും ചെയ്യുന്നു. ഏതായാലും പ്രമേയം പാസ്സാക്കിയതോടുകൂടി ആ പ്രശ്നം അവസാനിച്ചു.

ശ്രീ. വി. മുരളീധരൻ: സർ, നിയമസഭാ ചട്ടം അനുസരിച്ച്.... (മൈക്ക് ഓഫ്)

മി. സ്പീക്കർ: ശ്രീ. വി. മുരളീധരൻ, അത് ക്ലോസ് ചെയ്തില്ലേ; ചെയർ ക്ലോസ് ചെയ്തു. ചെയർ ക്ലോസ് ചെയ്തു എന്നുപറഞ്ഞാൽ അത് തീർന്നു. It is closed. അത് re-open ചെയ്യാൻ എനിക്കുപോലും അധികാരമില്ല. ...(ബഹളം)... നമ്മൾ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയിലേക്ക് കടക്കുകയാണ്. ദയവായി അങ്ങ് സഹകരിക്കു. പാർലമെന്ററി പ്രാക്ടീസ് അറിയാവുന്ന ആളാണ് താങ്കൾ. അങ്ങ് ദയവായി സഹകരിക്കു. താങ്കളുടെ ഭേദഗതി വോട്ടിനിട്ടപ്പോൾ സഭ നിരാകരിക്കുകയാണ് ഉണ്ടായത്. അത് എന്റെ കുറ്റമല്ലല്ലോ? അതുകൊണ്ട് അങ്ങ് ഈ ചെയറിനോട് സഹകരിക്കു. ...(ബഹളം).... ദയവായി അങ്ങ് resume ചെയ്യൂ...പ്ലീസ്...

ശ്രീ. വി. മുരളീധരൻ: സർ, മൈക്ക് ഓഫ്..

മി. സ്പീക്കർ: ഞാൻ അങ്ങയുടെ അറിവിനുവേണ്ടി ഒരു കാര്യം പറയാം. യഥാർഥത്തിൽ പ്രമേയത്തിന്മേലുള്ള ഭേദഗതി അവതരണ വേളയിൽ ഇങ്ങനെയൊരു ചർച്ചയുണ്ടാവാൻ പാടില്ലായിരുന്നു. ഞാൻ സഭാ നേതാവ് പറഞ്ഞ പോയിന്റിനോട് പൂർണ്ണമായി യോജിക്കുന്ന ഒരാളാണ്. ഞാനും മുപ്പത്തിയാറ് വർഷമായി നിയമസഭാ സാമാജികനായി പ്രവർത്തിക്കുന്ന ആളാണ്. നിയമസഭാ നടപടിക്രമങ്ങൾ സംബന്ധിച്ച്

വളരെ വിശദമായി നിങ്ങൾക്കറിയാവുന്നതുപോലെ തന്നെ എനിക്കുമറിയാം. അതുകൊണ്ട് ചെയറിന് അതിനെപ്പറ്റി അറിയില്ലെന്ന് കരുതരുത്. എന്നാൽ, ചില സന്ദർഭങ്ങളിൽ സഭയുടെ നടത്തിപ്പിനുവേണ്ടി പരസ്പര ധാരണയോടുകൂടി പ്രവർത്തിക്കാറുണ്ട്. ഇവിടെ ബഹു. സഭാനേതാവ് പറഞ്ഞതാണ് യഥാർഥത്തിലുള്ള കാര്യം. അങ്ങ് അവതരിപ്പിച്ച ഭേദഗതിയെ ജനാധിപത്യപരമായി വോട്ടിനിട്ടു, മാത്രമല്ല അങ്ങ് ഇവിടെ പറയുന്നതുപോലെ ശബ്ദവോട്ടോ അഥവാ ഡിവിഷൻ എന്നാണ്, ശബ്ദ വോട്ട് എടുത്തു. ആ ശബ്ദ വോട്ടിനോട് എല്ലാ അംഗങ്ങളും യോജിച്ചു. അത് സഭ റിജക്ട് ചെയ്തു. റിജക്ട് ചെയ്തൊരു കേസ്, റിട്ടയർ ചെയ്ത പൊലീസുകാരന് പൊലീസ് സ്റ്റേഷൻ ഉണ്ടാക്കാൻ പറ്റുമോ എന്ന് പറയുന്നതുപോലെ (ബഹളം.....) ദയവായി അത് റിജക്ട് ചെയ്തു പോയതാണ്.

ശ്രീ. വി. മുരളീധരൻ: സർ, ......മൈക്ക് ഓഫ്.....

മി. സ്പീക്കർ: അങ്ങ് ഇതിനോട് സഹകരിക്കു.. അങ്ങ് സീനിയർ ആയൊരാളാണ്. അങ്ങ് ഇതിനോട് സഹകരിക്കു.....ദയവായി ഇരിക്കു. പ്ലീസ്. അങ്ങേയ്ക്ക് എന്തെങ്കിലും കൂടുതലായി പറയാനുണ്ടെങ്കിൽ എനിക്ക് രേഖാമൂലം എഴുതി തന്നോളൂ. ഞാൻ അങ്ങയോട് എല്ലാ പൂർണ്ണമായ ബഹുമാനം വച്ചുകൊണ്ട് അത് പരിശോധിക്കാം. ദയവായി ഇത് ചർച്ചയാക്കി സമയം കളയണ്ട.

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): സർ, അടുത്ത ബിസിനസിലേക്ക് കടക്കാം.

മി. സ്പീക്കർ: ചെയർ തുടർന്നുള്ള ബിസിനസ്സിലേക്ക് കടക്കുകയാണ്. ബഹു. അംഗം ദയവായി സീറ്റിലിരിക്കണം.

* * *